**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1266** **06.02.2020 -ൽ മറുപടിയ്ക്ക്**

**ഹൈടെക് പ്രൈമറി സ്കൂളുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ. ബി.സത്യൻ**<br>**ശ്രീ. എസ്.രാജേന്ദ്രൻ**<br>**ശ്രീ.യു. ആർ. പ്രദീപ്** | **പ്രൊഫ : സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് എട്ടുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കിയതുപോലെ പ്രൈമറി സ്കൂളുകളും ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) പ്രൈമറിതലത്തിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനു പകരം ഹൈടെക് ലാബ് പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 9941 വിദ്യാലയങ്ങളിൽ ഇതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. |
| ബി) ഇതിനായി എത്ര പ്രൈമറി വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും ഇവയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ എന്നും അറിയിക്കാമോ; | ബി) പ്രൈമറി സ്കൂളുകളിലെ ഹൈടെക് പ്രവർത്തനങ്ങൾ ആകെ 11300 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ആദ്യഘട്ടമായി 9941 പ്രൈമറി സ്കൂളുകളിലേക്കുള്ള ഡി.പി.ആർ തയ്യാറാക്കുകയും കിഫ്ബി അംഗീകാരം ലഭിച്ചതിനെത്തുടർന്ന് പ്രസ്തുതപദ്ധതി നടപ്പിലാക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി 1359 സ്കൂളുകൾക്കുള്ള ഡി.പി.ആർ ന് കിഫ്ബി അംഗീകാരം ലഭിച്ചു. |
| സി) പദ്ധതിയുടെ നടത്തിപ്പിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്തെല്ലാം സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | സി) ഹൈടെക് സ്കൂൾ , ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) 14693 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 440976 ഉപകരണങ്ങൾ വിന്യസിച്ചു. |

14858 ലാപ് ടോപ്പ്, 66592 പ്രൊജക്ടർ, 4714 ഡി.എസ്. എൽ. ആർ. ക്യാമറ, 4545 എൽ. ഇ.ഡി. ടി.വി., 4720 വെബ്ക്യാം, 23104 പ്രൊജക്ഷൻ സ്ക്രീൻ, 41878 എച്ച്. ഡി.എം. ഐ കേബിൾ, 40614 ഫേസ് പ്ലേറ്റ്, 41789 സീലിംഗ് മൗണ്ട് കിറ്റ്, 97825 യു.എസ്.ബി സ്പീക്കർ തുടങ്ങിയവ വിതരണം ചെയ്തു.

ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡി) ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠനബോധനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ് ഐ.ടി ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ